# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1419** — 08.02.2013-ൽ മറുപടിയ്ക്ക്

## നബാർഡിന്റെ വിവിധ ആർ.ഐ.ഡി.എഫ് സ്കീമുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.ദാസൻ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) നബാർഡിന്റെ വിവിധ ആർ.ഐ. ഡി.എഫ് സ്കീമുകൾ പ്രകാരം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ/ പ്രവൃത്തികൾ ഏതെല്ലാം;വിശദമാക്കുമോ ; | (എ) | വിവിധ ആർ.ഐ. ഡി.എഫ് സ്കീമുകൾ പ്രകാരം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ/ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. ആർ.ഐ.ഡി.എഫ് XV – ബേപ്പൂർ-ചെറുവണ്ണൂർ - കൊളത്തറ റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ<br>2. ആർ.ഐ.ഡി.എഫ് XVII – കായക്കൊടി-ഇല്ലിക്കപ്പാറ – പാലൊളി - മുണ്ടയാട് - കോളിത്തേറ്റ റോഡ് കി.മീ 0/000 മുതൽ 3/750 വരെ അഭിവൃദ്ധിപ്പെടുത്തൽ<br>3. ആർ.ഐ.ഡി.എഫ് XVII-പുന്നൂർ-നരിക്കുനി റോഡ് കി.മീ 0/000 മുതൽ 9/650 വരെ അഭിവൃദ്ധിപ്പെടുത്തൽ<br>4. ആർ.ഐ.ഡി.എഫ് XVIII – ചാലിയം കടലുണ്ടിക്കടവ് റോഡ് കി.മീ 0/000 മുതൽ 3/000 വരെ അഭിവൃദ്ധിപ്പെടുത്തൽ<br>5. ആർ.ഐ.ഡി.എഫ് XII - മേലേകരുടൻകടവ് പാലം |
| (ബി) പ്രസ്തുത പ്രവൃത്തികളിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാം ; | (ബി) | ഇല്ല. |
| (സി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കുമോ ; | (സി) | മറുപടി (എ) യിൽ സൂചിപ്പിച്ച പ്രവൃത്തികളുടെ പുരോഗതി താഴെക്കൊടുക്കുന്നു.<br>1. അർത്ഥനയും അനുബന്ധരേഖകളും തയ്യാറാക്കി വരുന്നു.<br>2. പ്രവൃത്തിയുടെ ടെണ്ടർ 5% |

അധികനിരക്കിന് സർക്കാർ അനുമതി നൽകി.

3. പ്രവൃത്തി പുരോഗതിയിൽ

4. ഭരണാനുമതി നൽകി.

5.പാലത്തിന്റെ abutment-ഉം pier-ഉം പൂർത്തിയായി. അപ്രോച്ച്റോഡിനായി സ്ഥലം വിട്ടുലഭിക്കാനുണ്ട്. കരാറുകാരനെ പ്രവൃത്തി യിൽ നിന്ന് ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി) നബാർഡ് ഫണ്ടിനായി നിർദ്ദേശി ച്ചിട്ടുള്ള പുതിയ പദ്ധതികൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ RIDF – XVIII സ്കീമിൽ ഉൾപ്പെടുത്താനായി തെരഞ്ഞെടുത്ത പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

(ഇ) ഇതിൽ ഏത് പദ്ധതികൾക്കെല്ലാം അംഗീകാരം ലഭിച്ചു ; വ്യക്ത മാക്കാമോ ?

(ഇ) 2012-13 സാമ്പത്തിക വർഷത്തിൽ RIDF-XVIII സ്കീമിൽ ഉൾപ്പെടുത്തി നബാർഡിൽ നിന്നും അംഗീകാരം ലഭിച്ച് ഭരണാനുമതി നൽകി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

അനുബന്ധം [illegible] ലഭ്യമാണ്

**സെക്ഷൻ ഓഫീസർ**